
# കലിക

## ഡിജിറ്റൽ മാഗസിൻ
## 2023-24



**MOTHER TERESA HIGH SCHOOL**

**MUHAMMA**

# എഡിറ്റോറിയൽ ബോർഡ്



ചീഫ് എഡിറ്റർ



കൃഷ്ണഗംഗ



അഗ്രിമ ജി



ശ്രീലക്ഷ്മി എസ്



നയൻ എസ്



കാർത്തിക് ആർ നായർ



കാശിനാഥൻ

# എഡിറ്റോറിയൽ



പ്രിയമുള്ളവരെ,

മുഹമ്മ മദർ തെരേസ ഹൈസ്കൂളിൽ ലിറ്റിൽ കൈറ്റ്സ്ന്റെ ആഭിമുഖ്യത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാവുകയാണ്. സാങ്കേതികവിദ്യ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വരെ എത്തിനിൽക്കുന്ന കാലഘട്ടത്തിൽ കുട്ടികളുടേതായ ഒരു ഡിജിറ്റൽ മാഗസിന് വളരെ പ്രാധാന്യമുണ്ടെന്ന് കരുതുന്നു. നവമാധ്യമങ്ങൾ അച്ചടി മാധ്യമങ്ങളെ പിന്തള്ളി കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഡിജിറ്റൽ രൂപത്തിലുള്ള ഇത്തരം മാഗസിനുകൾ കാലത്തോടൊപ്പം സഞ്ചരിക്കുന്നവയാണ്. ഉള്ളടക്കത്തിലും അവതരണത്തിലും പുതുമ പുലർത്താൻ ആവുന്നത് ശ്രമിച്ചിട്ടുണ്ട്. നമ്മുടെ സ്കൂളിലെ ലിറ്റിൽകൈറ്റ്സ്ന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിൻ 'കലിക' അഭിമാനപുരസരം അവതരിപ്പിക്കുന്നു.

ചീഫ് എഡിറ്റർ

നിരുപം എ വി

## ആശംസകൾ



മുഹമ്മ മദർ തെരേസ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിരിക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. കുട്ടികളുടെ കലാസൃഷ്ടികൾ വായനക്കാരിലേക്ക് എത്തിക്കാൻ മാത്രമല്ല മനോഹരമായ ഒരു മാഗസിൻ രൂപകൽപ്പന ചെയ്യാനുള്ള കഴിവ് കുട്ടികൾ നേടിയെടുക്കാനും ഈ പ്രവർത്തനത്തിന് സാധിക്കും എന്ന് വിശ്വസിക്കുന്നു. മാഗസിന്റെ പിന്നണിയിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ കുട്ടികൾക്കും മാസ്റ്റർ ,മിസ്ട്രസ്മാർക്കും എന്റെ പേരിലും കൈറ്റ് ആലപ്പുഴയുടെ പേരിലും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ രേഖപ്പെടുത്തുന്നു.

സുനിൽകുമാർ എം.

ജില്ലാ കോർഡിനേറ്റർ, കൈറ്റ്, ആലപ്പുഴ

# ആശംസകൾ



കല ജീവിതം തന്നെയാണ്. കലാലയ ജീവിതത്തിന്റെ സൗന്ദര്യാവിഷ്കാരം തന്നെയാണ് വ്യത്യസ്തമായ കലാസൃഷ്ടികൾ. പഠനത്തോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലൂടെ തങ്ങളുടെ സർഗ്ഗാത്മകമായ കഴിവുകളിൽ പങ്കെടുത്ത് വ്യക്തിത്വ രൂപീകരണത്തിലൂടെ മികവ് പുലർത്തി വ്യത്യസ്ത തുറകളിൽ ജീവിക്കുന്ന പ്രതിഭകളെ നാം തിരിച്ചറിഞ്ഞിട്ടുണ്ട്. മുഹമ്മ മദർ തെരേസ ഹൈസ്കൂളിലെ പ്രതിഭകൾ അണിയിച്ചൊരുക്കിയ കലാസൃഷ്ടിയാണ് 'കലിക 'എന്ന ഡിജിറ്റൽ മാസിക. ഇത് കലയെ സ്നേഹിക്കുവാനും ഉൾപ്രേരണയും പ്രചോദനവും ആകുന്ന ലേഖനങ്ങളും കഥകളും കൊണ്ട് ഏറെ മനോഹരമായിരിക്കുന്നു . ഇതിന്റെ നിർമ്മാണത്തിൽ നിറക്കൂട്ട് നൽകിയ എല്ലാ പ്രതിഭകളെയും ഞാൻ അഭിനന്ദിക്കുന്നു. ചേതോഹരവും, ഉൾക്കാഴ്ചയും നൽകുന്ന നിരവധി സർഗാത്മക സൃഷ്ടികൾ വീണ്ടും പ്രതിഭാധനരായ എല്ലാ കുട്ടികളിലും നിന്നും വിരചിതമാകട്ടെ എന്ന് ഞാൻ ആശംസിക്കുകയും ചെയ്യുന്നു.

ഫാ.ജോസഫ് കുറുപ്പശ്ശേരി സി എം ഐ
സ്കൂൾ അഡ്മിനിസ്ട്രേറ്റർ

# ആശംസകൾ



മുഹമ്മ മദർ തെരേസ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഈ വർഷം അണിയിച്ചൊരുക്കിയിരിക്കുന്ന "കലിക" ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു .കുട്ടികളുടെ വിവിധങ്ങളായ കഴിവുകൾ, കലാപരമായ അഭിരുചികൾ,എന്നിവ വളർത്തിയെടുക്കുന്നതിനും അവർക്ക് നല്ല പ്രോത്സാഹനം നൽകുന്നതിനും ഈ സംരംഭം വളരെ പ്രയോജനം പകരുന്നതാണ്. ഇതിനോട് സഹകരിച്ച എല്ലാവരെയും പ്രത്യേകം അഭിനന്ദിക്കുന്നു. ഇത്തരം സന്ദർഭങ്ങൾ കുട്ടികളിലെ സർഗ്ഗാത്മക കഴിവുകൾ വളർത്തുന്നതിന് ഏറെ ഉത്തമമാണ്.ഇതിന്റെ വിജയത്തിനായി സഹകരിച്ച് പ്രവർത്തിച്ച ഏവർക്കും ഒരിക്കൽക്കൂടി അഭിനന്ദനങ്ങൾ നേർന്നുകൊണ്ട് ചുരുക്കുന്നു.

ജെയിംസ്കുട്ടി പി എ

ഹെഡ്മാസ്റ്റർ

മദർ തെരേസ ഹൈസ്കൂൾ മുഹമ്മ

# ആശംസകൾ



കൃത്രിമ ബുദ്ധി, റോബോട്ടിക്സ് എന്നിവ അരങ്ങ് തകർക്കുന്ന ഈ ഡിജിറ്റൽ യുഗത്തിൽ കുട്ടിപ്പട്ടങ്ങളുടെ കൂട്ടായ്മയായ ലിറ്റിൽകൈറ്റ്സിന്റെ നേതൃത്വത്തിൽ തങ്ങളുടെ സർഗ്ഗവാസനകൾ ഡിജിറ്റൽ രൂപത്തിലാക്കി അണിയിച്ചൊരുക്കിയിരിക്കുകയാണ് മദർ തെരേസയിലെ കൊച്ചുകൂട്ടുകാർ. കഥ, കവിത, ലേഖനങ്ങൾ, യാത്രാവിവരണം എന്നിങ്ങനെ കുട്ടികളുടെ വൈവിധ്യമാർന്ന സൃഷ്ടികൾ 'കലിക' എന്ന ഡിജിറ്റൽ മാഗസിനിൽ ഒരുക്കിയിട്ടുണ്ട്. കുട്ടികളുടെ സർഗ്ഗവാസനങ്ങളെ പരിപോഷിപ്പിക്കുന്നതിനും വളർത്തിയെടുക്കുന്നതിനും ഇത്തരം മാഗസിനുകൾ ഉപകരിക്കുന്നു. ആധുനിക സാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള ഏറ്റവും അനുയോജ്യമായ ഒരു അവസരം കൂടിയാണ് ഇത്തരം ഡിജിറ്റൽ മാഗസിനുകളുടെ സൃഷ്ടി. ഇതിലേക്ക് സംഭാവനകൾ നൽകിയ എല്ലാ കൊച്ചു കൂട്ടുകാർക്കും ഇതിന്റെ എഡിറ്റിങ്ങിന് സഹായിച്ച എല്ലാ അംഗങ്ങൾക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നതോടൊപ്പം എല്ലാവിധ ആശംസകളും നേരുന്നു.

**മിനി വർഗീസ് കെ**

**സ്കൂൾ ഐടി കോഡിനേറ്റർ**

# ഇതളുകൾ വിരിയുമ്പോൾ


**ചാവറയച്ചൻ**....................................................................................................9

**കുഞ്ഞുറുമ്പും കൂട്ടുകാരും**..................................................................................10

**മിന്നുവും ചിമ്മിയും**...........................................................................................11

**യാത്രാവിവരണം**................................................................................................13

.......................................................................................................................16

**ജന്തുലോകം**.....................................................................................................16

MY LITTLE SISTER...............................................................................................17

.......................................................................................................................17

**നോബൽ ജേതാക്കൾ** 2023......................................................................................19

**ഒറ്റമൂലി**..........................................................................................................20

**സ്കൂളിലെ അടുക്കളത്തോട്ടം**................................................................................21

**സാധ്യതകൾ**.....................................................................................................22

**പുറം രാജ്യത്തേക്ക് പറക്കുന്ന മലയാളി യുവജനം**......................................................23

**പ്ലാസ്റ്റിക് ഇ - മാലിന്യങ്ങൾ**...................................................................................24

**കരാത്തെ**..........................................................................................................25

**നാട് വൃത്തിയാക്കൽ**.............................................................................................27

**വരകൾ-വർണ്ണങ്ങൾ**.............................................................................................28

**ആഘോഷനിമിഷങ്ങൾ**.........................................................................................29

# ചാവറയച്ചൻ



സി.മോനിക്കാമ്മ തോമസ് ( മലയാളം അധ്യാപിക)

കൈനകരി ഗ്രാമത്തിലെ
ചാവറതൻ കുടുംബത്തിൽ
ജാതനായ ചാവറ താത
വണങ്ങിടുന്നു.
ഓ തിത്തിത്താര തിത്തൈയ്
തിത്തൈയ് തക തെയ് തെയ് തോ
മാതാവിന് അടിമയായ്
വെച്ചൂർ പള്ളിയിൽ ദിവസവും
ജപമാല ചൊല്ലി സഭയിൽ
അംഗമായല്ലോ
ഓ..തിത്തിത്താര തിത്തൈയ്
തിത്തൈയ് തക തെയ് തെയ് തോ
പ്രാർത്ഥനയിൽ ആഴപ്പെട്ട്
ധന്യമാക്കിയ ജീവിതവും
ഭക്തി കർമ്മയോഗത്താലും
നയിച്ചുവല്ലോ
ഓ.... തിത്തിത്താര തിത്തൈയ്
തിത്തൈയ് തക തെയ്യെയ്യോ
ആത്മാക്കൾ തൻ രക്ഷയ്ക്കായ്
ആത്മശുദ്ധി കൈവരിച്ച
പുണ്യ താത , ചാവറയച്ചാ
നമിച്ചിടുന്നു.
ഓ... തിത്തിത്താര തിത്തൈയ്
തിത്തൈയ് തക തെയ് തെയ് തോ
മാന്നാനത്ത് സി.എം.ഐയും
കൂനം മാവിൽ സി.എം.സിയും
സ്ഥാപിച്ച് പരിപാലിച്ചതാതനല്ലയോ
ഓ... തിത്തിത്താര തിത്തൈയ്
തിത്തൈയ് തക തെയ് തെയ് തോ

ആദ്യ കന്യാസ്ത്രീ മഠവും
സ്ത്രീകളുടെ ഉന്നമനവും
ലക്ഷ്യമാക്കി പദ്ധതികൾ
നടപ്പാക്കിയല്ലോ
ഓ... തിത്തിത്താര തിത്തൈയ്
തിത്തൈയ് തക തെയ് തെയ് തോ
നവോത്ഥാന നായകനായി
ബഹുവിധ പ്രവർത്തനത്താൽ
സ്വജീവിതം ധന്യമാക്കാൻ
ത്യാഗം ചെയ്തുവല്ലോ
ഓ..തിത്തിത്താര തിത്തൈയ്
തിത്തൈയ് തക തെയ് തെയ് തോ
അച്ചടിവിദ്യ അന്യമായ
നൂറ്റാണ്ടുകളിൽ ചാവറയച്ചൻ
അച്ചുകൂടം പണിയുവാൻ
യാത്ര തിരിച്ച
തലസ്ഥാന നഗരിയിൽ
അച്ചുകൂടം കണ്ട് വന്നു
വാഴപ്പിണ്ടി കൊണ്ടതിന്റെ
മാതൃകയുണ്ടാക്കി
ഓ..തിത്തിത്താര തിത്തൈയ്
തിത്തൈയ് തക തെയ്യെയ്യോ
സർക്കുലറും പുസ്തകവും
ലഘുലേഖകളും പിന്നെ
പള്ളികൾക്ക് വേണ്ടതെല്ലാം
അച്ചടിച്ചല്ലോ
ഓ..തിത്തിത്താര തിത്തൈയ്
തിത്തൈയ് തക തെയ് തെയ് തോ

# കുഞ്ഞുറുമ്പും കൂട്ടുകാരും



അഗ്രിമ ജി 8D

ഒരിടത്ത് ഒരു കുഞ്ഞുറുമ്പും അമ്മയുറുമ്പും ഉണ്ടായിരുന്നു. ഒരു ദിവസം അമ്മയുറുമ്പ് കുഞ്ഞുറുമ്പിനോട് പറഞ്ഞു, മോളെ ഞാൻ ഭക്ഷണം തേടി പോകുകയാണ്, നീ പുറത്തൊന്നും പോകാതെ വീട്ടിൽ തന്നെ ഇരിക്കണം. അമ്മ വേഗം വരാം എന്നു പറഞ്ഞ് അമ്മയുറുമ്പ് യാത്രയായി.

കുഞ്ഞുറുമ്പിന് വീട്ടിൽ ഒറ്റയ്ക്കിരുന്ന് സഹികെട്ടു. അപ്പോൾ അവൾ പുറത്തേക്കിറങ്ങി. അവൾക്ക് പുറം ലോകത്തെ കാഴ്ചകൾ ഒരുപാടിഷ്ടമായി അമ്മ വരുന്നതിനു മുമ്പ് വേഗം വരാം എന്നു ചിന്തിച്ച് അവൾ പുറത്തേക്കിറങ്ങി.

അവൾ നടന്നുനടന്ന് മലയും പുഴയും വയലും എല്ലാം കടന്ന് മനോഹരമായ ഒരു പൂന്തോട്ടത്തിൽ എത്തി. അവിടുത്തെ മനോഹരമായ കാഴ്ചകൾ കണ്ടുനടന്നു അവൾ വീട്ടിലേക്ക് പോകുന്ന കാര്യം ഓർത്തില്ല. പെട്ടെന്ന് അവൾ അമ്മയെക്കുറിച്ച് ഓർത്തു. അങ്ങനെ വിഷമിച്ചിരുന്ന അവൾ ഒരു കൊതുകിനെ കണ്ടു. കൊതുകിനോട് അവളെ വീട്ടിലേക്ക് പോകാൻ സഹായിക്കുമോ എന്നു ചോദിച്ചു. അപ്പോൾ കൊതുക് പറഞ്ഞു, ഞാൻ ചോരകുടിച്ചു മത്തായി കിടക്കുകയാണ് നീ പൂമ്പാറ്റയോട് സഹായം ചോദിക്കു എന്ന് കൊതുക് പറഞ്ഞു. കുഞ്ഞുറുമ്പ് പൂമ്പാറ്റയെ കണ്ടു സഹായം ചോദിച്ചു. പൂമ്പാറ്റ അവളെ പൂന്തോട്ടം കടക്കാൻ സഹായിച്ചു. അതു കഴിഞ്ഞു പൂമ്പാറ്റ പറഞ്ഞു, ഇനി നിന്നെ മല കടക്കാൻ എന്റെ കൂട്ടുകാരി മഞ്ഞക്കിളി സഹായിക്കും. കുഞ്ഞുറുമ്പ് മഞ്ഞക്കിളിയെ കണ്ടു. മഞ്ഞക്കിളി അവളെ മലയും പുഴയും കടത്തി കൊടുത്തു. ഇനി വയല് കടക്കാൻ പുൽച്ചാടി സഹായിക്കും എന്നു പറഞ്ഞു മഞ്ഞക്കിളി പോയി. പിന്നെ അതുവഴിവന്ന പുൽച്ചാടിയെ അവൾ കണ്ടു. പുൽച്ചാടി അവളെ തന്റെ പുറത്തിരുത്തി ചാടി ചാടി വയല് കടന്നു. അവൾ പുൽച്ചാടിയോടു നന്ദി പറഞ്ഞു പോയി.


അപ്പോൾ തന്റെ മകളെ കാണാതെ അമ്മയുറുമ്പ് വിഷമിച്ചിരിക്കുകയായിരുന്നു. കുഞ്ഞുറുമ്പിനെ കണ്ട മാത്രയിൽ അമ്മയുറുമ്പ് സന്തോഷം കൊണ്ട് കണ്ണ് നിറഞ്ഞു. അവൾ തന്റെ മകളെ ചേർത്തുപിടിച്ച് പറഞ്ഞു, പുറത്തു പോകുമ്പോൾ പറയാതെ പോയാൽ ഞാൻ എത്രയധികം വിഷമിക്കും എന്ന് നിനക്കറിയില്ലേ? തന്നെയുമല്ല നീ കുട്ടിയാണ് ഒത്തിരി അപകടങ്ങൾ പുറത്തു പതുങ്ങിയിരിക്കുന്നുണ്ട്. അതിനാൽ ഇനി പുറത്തുപോകുമ്പോൾ നമുക്കൊരുമിച്ച് പോകാം, കാഴ്ചകൾ കാണാം.തന്റെ തെറ്റ് മനസ്സിലാക്കിയ കുഞ്ഞുറുമ്പ് അമ്മയെ ചേർത്ത് പിടിച്ചു.

# മിന്നുവും ചിമ്മിയും

**മിന്നു മിന്നാമിനുങ്ങും ചിമ്മി പൂമ്പാറ്റയും കൂട്ടുകാരായിരുന്നു. ചിമ്മീ നിന്നെ കാണാൻ എന്ത് ഭംഗിയാ! എന്തൊക്കെ നിറങ്ങളാ ചിറകുകളിൽ !ഇത് കേട്ടപ്പോൾ ചിമ്മിക്ക് അഹങ്കാരം തോന്നി... അതേ.. പക്ഷേ നിന്നെ കാണാൻ ഒരു ഭംഗിയുമില്ലല്ലോ ...ഉം.. എനിക്ക് രാത്രിയിൽ മാത്രമേ പ്രകാശിക്കാൻ കഴിയൂ...**

**.ഈ സമയം അപ്പുക്കുട്ടൻ അവിടെ എത്തി. ഹായ് ... മിന്നാമിനുങ്ങേ രാത്രിയിൽ നീ പ്രകാശി അന്നത് കാണാൻ എന്തൊരു ഭംഗിയാ: : ഇന്ന് രാത്രി നീ എന്റെ ജനാലക്കരികിൽ വന്നു പ്രകാശിക്കണം കേട്ടോ. ഇത് കേട്ട ചിമ്മിക്ക് വീണ്ടും അഹങ്കാരം തോന്നി.. മറക്കാതേ വരണേ... രാത്രിയിലും എനിക്ക് ഭംഗിയുണ്ടെന്ന് ഈ ചെക്കനെ ഞാൻകാണിക്കും. രാത്രിയിൽ ചിമ്മി ജനാലക്കരികിൽ വന്നിരുന്ന് ചിറകടിക്കാനും മറ്റും തുടങ്ങി.പക്ഷേ, അപ്പു മിന്നാമിനുങ്ങിനെ മാത്രം നോക്കി. അപ്പുവിനെ മാത്രം നോക്കിയിരുന്ന ചിമ്മി, തന്റെ പിന്നിൽപമ്മി വരുന്ന പല്ലിച്ചേട്ടനെ കണ്ടില്ല.പെട്ടെന്നാണ് അത് സംഭവിച്ചത് :പല്ലിച്ചേട്ടൻ ചിമ്മിയുടെ ജീവൻ അപഹരിച്ചു.പ്രിയപ്പെട്ടവരേ ഉള്ളതിലധികം മേന്മ ആരും ഭാവിക്കരുത്. അത് നമ്മെ നാശത്തിൽ കൊണ്ടെത്തിക്കും.**

**ആദിത്യ എസ് 10B**



# യാത്രാവിവരണം




യാത്രകൾ എന്നും വിസ്മയങ്ങൾ നിറഞ്ഞ അനുഭവങ്ങൾ നമുക്ക് സമ്മാനിക്കുന്നു. ഞാൻ സ്കൂളിൽ നിന്ന് കൊച്ചി യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിലേക്ക് ഒരു പഠന യാത്ര പോയത് 21 9 2023 വ്യാഴാഴ്ചയായിരുന്നു. മദർ തെരേസ സ്കൂളിൽ നിന്ന് എന്റെ കൂട്ടുകാരും അധ്യാപകരും ഒത്തുള്ള എന്റെ ആദ്യ പഠനയാത്ര.

തലേന്ന് തന്നെ കൊണ്ടുപോകാനുള്ള സാധനങ്ങളെല്ലാം എടുത്തുവച്ച് നേരത്തെ കിടന്നുറങ്ങി രാവിലെ അഞ്ചരയ്ക്ക് എഴുന്നേറ്റ് റെഡിയായി വീട്ടിൽ നിന്ന് ഇറങ്ങി സ്കൂളിലേക്ക് യാത്രയായി. ഏതാണ്ട് ഏഴരയ്ക്ക് പ്രാർത്ഥനയോടെ ഞങ്ങൾ യാത്ര ആരംഭിച്ചു. ഏകദേശം 9 15 ന് ഞങ്ങൾ കാത്തിരുന്ന് ചെല്ലാൻ കൊതിച്ചിടത്തേക്ക് എത്തി കുസാറ്റിന്റെ പ്രധാന വാതിൽ ഞങ്ങൾ വളരെ അച്ചടക്കത്തോടെ നടന്നു അവിടെ പഠിക്കുന്ന കുറേ ചേട്ടന്മാരെയും ചേച്ചിമാരെയും കണ്ടു. അത്ഭുതത്തോടെ നോക്കി കണ്ട സ്ഥലം. ഇത്ര ഭംഗിയുള്ള ഒരു ക്യാമ്പസിലേക്ക് ആണ് ഞങ്ങൾ വരുന്നതെന്ന് ഒട്ടും പ്രതീക്ഷിച്ചില്ല. ഞങ്ങൾ ഉള്ളിലേക്ക് കയറി.

അധ്യാപകരുടെ നിർദ്ദേശപ്രകാരം എല്ലാവരും പെട്ടെന്ന് തന്നെ റെഡിയായി പുറത്തിറങ്ങി ലൈനായി നിന്നു. ആ മനോഹരമായ വിസ്മയങ്ങൾ നിറഞ്ഞ ലോകത്തേക്ക് ഞങ്ങൾ കയറി ഹാളിൽ ഒരു ടീച്ചർ നിറച്ചിരിയോടെ ഞങ്ങളെ സ്വാഗതം ചെയ്തു അവിടെ കാണുന്ന കാര്യങ്ങളെക്കുറിച്ച് എഴുതുവാൻ ഒരു ചെറിയ ഡയറി നൽകി. അവിടെ നടക്കുന്ന വിവിധ പ്രവർത്തനങ്ങളെ കുറിച്ചുള്ള ഒരു ലഘുവിവരണം ഡയറക്ടർ ഞങ്ങൾക്ക് തന്നു



ഞങ്ങളെ ഗ്രൂപ്പുകളായി തിരിക്കുകയും ഓരോ ഗ്രൂപ്പും എവിടെ എപ്പോൾ പോകണമെന്ന് ഒരു ടൈംടേബിൾ നൽകുകയും ചെയ്തു ഞങ്ങൾ ആദ്യം കടന്നുചെന്നത് ബയോളജി ലാബിലേക്ക് ആയിരുന്നു അവിടെ വിവിധതരത്തിലുള്ള ജീവജാലങ്ങൾ കെമിക്കൽ ലായനിയിൽ സൂക്ഷിച്ചിരിക്കുന്നു അതിനെക്കുറിച്ച് അധ്യാപിക വിവരിച്ചു നൽകുകയും ചെയ്തു.മൈക്രോസ്കോപ്പിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും അതിലൂടെ അതി സൂക്ഷ്മമായ കോശങ്ങൾ കാണുകയും ചെയ്തു.



അവിടെ നിന്നും ഞങ്ങൾ ഫിസിക്സ് ലാബിലേക്ക് ആണ് പോയത് വിവിധതരം ലെൻസുകളെ കുറിച്ചും അവയുടെ ഉപയോഗങ്ങളെ കുറിച്ച് മനസ്സിലാക്കി ശബ്ദം, പ്രകാശം എന്നിവയുമായി ബന്ധപ്പെട്ട ചില പരീക്ഷണങ്ങൾഞങ്ങൾ ചെയ്തു. തുടർന്ന് ആസ്ട്രോ ലാബിലേക്കാണ് പോയത്. പ്രപഞ്ചം ഈ രീതിയിൽ നിലനിൽക്കുന്നതിന് കാരണമായ സൂര്യൻ ചന്ദ്രൻ ഗ്രഹങ്ങൾ ഇവയെക്കുറിച്ച് പഠിക്കുവാൻഅവിടെ സാധിച്ചു.ചാന്ദ്ര പര്യവേഷണവും മറ്റും എത്രയോ കഠിനമാണെന്ന് എനിക്ക് മനസ്സിലായി ഇന്ത്യയുടെ ചന്ദ്രയാൻ ആദിത്യ എൽ എന്നിവയൊക്കെ പരീക്ഷിച്ച് വിജയിച്ച ഈ സമയത്ത് തന്നെ ഇങ്ങനെ ഒരു പഠനയാത്ര നടത്തുവാൻ കഴിഞ്ഞതിൽ എനിക്ക് സന്തോഷം തോന്നി.

ഞങ്ങൾ അവിടെ നിന്നും നേരെ ചെന്നത് മാക്സ് ലാബിലേക്കാണ് നല്ല പുഞ്ചിരിച്ച മുഖത്തോടെ നിൽക്കുന്ന ടീച്ചർ. ഞങ്ങൾ അവിടെ കയറിയിരുന്നു.



വ്യത്യസ്ത പസിലുകൾ രസകരമായി പൂർത്തിയാക്കുവാനും പൈതഗോറസ് തിയറ്റം, മറ്റു ചില സൂത്രവാക്യങ്ങൾ ഇവ വളരെ ലളിതമായി മനസ്സിലാക്കുവാൻ മാത്സ് ലാബ് പ്രവർത്തനങ്ങൾ സഹായിച്ചു.

പിന്നെ വായനയുടെ പ്രപഞ്ചമായ കവികളുടെയും കഥാകൃത്തുക്കളുടെയും ലോകമായ പുതുതലമുറയെ അറിവിന്റെ ലോകത്തിലേക്ക് നയിക്കുന്ന വായനശാലയിലേക്ക് ആണ്.100 Wonders of the world എന്ന പുസ്തകം ഞാൻ വായിച്ചു ലോകത്തുള്ള അതിമനോഹരമായ സ്ഥലങ്ങളെക്കുറിച്ച് അവിടുത്തെ പ്രത്യേകതകളെക്കുറിച്ചും ആ പുസ്തകത്തിൽ വളരെ വിശദമായി പ്രതിപാദിക്കുന്നു.



എന്നെങ്കിലും അവിടെയൊക്കെ യാത്ര ചെയ്യണമെന്ന് ഒരാഗ്രഹം എന്നിൽ ഉദിച്ചു. തുടർന്ന് ലഞ്ച് ബ്രേക്ക് ആയിരുന്നു

വിഭവസമൃദ്ധമായ ഉച്ചഭക്ഷണത്തിനുശേഷം സയൻസ് പാർക്ക് 1 ലേക്കാണ് ഞങ്ങൾ പോയത്. ഊഞ്ഞാലിന്റെ ചലനം എങ്ങനെ പ്രകൃതിയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നും ഒപ്റ്റിക്കൽ ഇല്യൂഷനുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചും ശബ്ദം എങ്ങനെ നമുക്ക് കേൾക്കാൻ പറ്റുന്നു എന്നുമൊക്കെ വളരെ രസകരമായി മനസ്സിലാക്കുവാൻ അവിടെ ഞങ്ങൾക്ക് സാധിച്ചു. വീണ്ടും സയൻസ് പാർക്ക് രണ്ട് ലേക്കാണ് എത്തിയത്. അവിടെയും ധാരാളം ശാസ്ത്രതത്വങ്ങൾ നിത്യജീവിതത്തിൽ എങ്ങനെ പ്രയോജനപ്പെടുത്തിയിരിക്കുന്നു എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു.പിന്നീട് ഞങ്ങൾ ISRO പവലിയൻ, IEEE, എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. റോക്കറ്റിന്റെ വിവിധ

ഭാഗങ്ങളെക്കുറിച്ച് വിക്ഷേപണ രൂപ രീതിയെക്കുറിച്ച് മനസ്സിലാക്കാൻ സാധിച്ചു.



തുടർന്ന് കെമിസ്ട്രി ലാബിൽ എത്തി. കുറഞ്ഞ സമയം കൊണ്ട് ഏതാനും രസകരമായ രസതന്ത്ര പരീക്ഷണങ്ങൾ നേരിട്ട് ചെയ്യുവാൻ അവിടെ സാധിച്ചു.



അങ്ങനെ മൂന്നര വരെ സമയം പോയത് അറിഞ്ഞില്ല.

മൂന്നര ആയപ്പോൾ ഈ പരിപാടിയുടെ സമാപന സമ്മേളന ത്തിനായി എല്ലാവരും വീണ്ടും ആദ്യത്തെ ഹാളിൽ ഒത്തുചേർന്നു. അവിടെ ഞങ്ങളുടെ അധ്യാപക പ്രതിനിധിയും കുട്ടികളുടെ പ്രതിനിധികളും എല്ലാവർക്കും നന്ദി പറഞ്ഞു. കൂടാതെ ഞങ്ങളുടെ ഫീഡ്ബാക്ക് അവിടെ എഴുതി നൽകി നൽകി. വീണ്ടും അടുത്തവർഷം ഒരിക്കൽക്കൂടി അവിടം സന്ദർശിക്കണം എന്ന് ആഗ്രഹം മനസ്സിൽ സൂക്ഷിച്ച് ഞങ്ങൾ അവിടെ നിന്നും യാത്രയായി. മനോഹരമായ ഈ യാത്ര സമ്മാനിച്ച സ്കൂൾ ഹെഡ്മാസ്റ്റർക്കും,എല്ലാ അധ്യാപകർക്കും നന്ദി.

ശാലിനി 10A



# ജന്തുലോകം



ശ്രീലക്ഷ്മി എസ്

ഡെൻവർ എന്ന പേര് കേൾക്കുമ്പോൾ ആരെയാണ് ഓർമ്മ വരിക?ഒരു കുഞ്ഞു ദിനോസറിനെ അല്ലേ? സ്റ്റീസ്പിൽ ബർഗ് സംവിധാനം ചെയ്ത പ്രശസ്ത ഹോളിവുഡ് സിനിമ ജുറാസിക് പാർക്ക് കുട്ടുകാർ കണ്ടിട്ടുണ്ടാവുമല്ല.അതിന്റെ പ്രധാന പ്രമേയം ദിനോസറുകളാണ് .ദിനോസറുകളെക്കുറിച്ച് കുട്ടുകാർക്ക് എന്തറിയാം?

150 ദശലക്ഷത്തിലധികം വർഷങ്ങൾക്ക് അപ്പുറം ഭൂമിയിലെ പ്രധാന മൃഗങ്ങളിൽ ഒന്നായിരുന്ന ദിനോസറുകൾ. പല്ലി പോലെയുള്ള ഉരഗങ്ങൾ ആയിരുന്ന അവയിൽ ചിലത് ഇതുവരെ കരയിൽ നടന്നിട്ടുള്ളതിൽ വച്ച് ഏറ്റവും വലുതും ഭയാനകമായ ജീവികളായിരുന്നു. 'ഭയങ്കര പല്ലി' എന്നർത്ഥമുള്ള ഗ്രീക്ക് പദങ്ങളിൽ നിന്നാണ് ദിനോസർ എന്ന വാക്ക് വന്നത്.

1800 കളുടെ തുടക്കത്തിൽ ദിനോസറുകളുടെ ഫോസിലുകൾ ആദ്യമായി കണ്ടെത്തി. പാറയിൽ സൂക്ഷിച്ചിരിക്കുന്ന ഒരു ചെടിയുടെയോ മൃഗത്തിന്റെയോ അവശിഷ്ടങ്ങളോ ഇംപ്രഷനുകളോ ആണ് ഫോസിലുകൾ അവസാന ദിനോസറുകൾ ഏകദേശം 65.5 ലക്ഷം വർഷങ്ങൾക്ക് മുൻപ് വംശനാശം സംഭവിച്ചു. ഭൂമിയുടെ താപനില വർദ്ധിച്ചതോടെ ഒരു ഉൽക്ക വന്ന് ഭൂമിയെ ഇടിച്ചതോ ഒക്കെ കാരണമായി പറയപ്പെടുന്നു. യഥാർത്ഥ കാരണം ഇന്നും അജ്ഞാതമാണ് .എങ്കിലും ഫോസിലുകളിൽ കൂടിയും സിനിമകളിൽ കൂടിയും കാർട്ടൂണിൽ കൂടിയും ദിനോസറുകൾ ഇന്നും ജീവിക്കുന്നു.

# MY LITTLE SISTER



Karthik R NAIR, 8B

**The gift of God is what I thought,**
**When my sister came aloft.**
**With her she brought true happiness,**
**Making our faces joyful with anxiousness.**

**Her smile is beautiful as the rainbow,**
**Which is one of the world's seven wonders.**
**Her smile can make one's anger,calm and slow,**
**Like a sunset's crimson splendour.**

**We laugh,We fight,We cry and dry,**
**But we rejoin as we try.**
**She helps me and stands beside for me,**
**I will help her and stand beside for her as for me.**
**Her protection is my duty.**
**She is my life, She is my wealth,**
**She makes my life what it is called 'beauty'.**
**I will protect her even after my death.**



# നോബൽ ജേതാക്കൾ 2023



കൃഷ്ണഗംഗ 8 C

**1910 മുതൽ 2023 വരെ നൽകിയത് ഏതാണ്ട് 621 നോബൽ സമ്മാനങ്ങൾ. ഇവയിൽ 2023 ലെ നോബൽ സമ്മാന ജേതാക്കളെ നമുക്കിവിടെ പരിചയപ്പെടാം**

## സാഹിത്യം

**പറയാനാകാത്തതിന് ശബ്ദം നൽകിയ ആൾ എന്ന നോവൽ പുരസ്കാര സമിതി വിശേഷിപ്പിച്ച യോൻ ഫോസെയ്ക്ക് ആണ് ഈ വർഷത്തെ സാഹിത്യത്തിനുള്ള നോബൽ പുരസ്കാരം ലഭിച്ചത്**

## സമാധാനം

**ഇറാനിലെ സ്ത്രീകളുടെ അവകാശങ്ങൾക്കായുള്ള പോരാട്ടത്തിന് നേതൃത്വം നൽകിയതിന് 12 വർഷത്തേക്ക് ശിക്ഷിക്കപ്പെട്ട ജയിലിൽ കഴിയുന്ന നർഗീസ് മുഹമ്മദി യാണ് സമാധാനത്തിലുള്ള നോബൽ പുരസ്കാരത്തിന് അർഹയായത്**

## സാമ്പത്തിക ശാസ്ത്രം

**സ്ത്രീകളുടെ തൊഴിലും വേതനവുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തിയ, തുല്യ നീതിയെ സാമ്പത്തിക ശാസ്ത്രവുമായി കൂട്ടിയിണക്കിയ  ഹാർവാർഡ് സർവ്വകലാശാലയിൽ തൊഴിൽ വിപണിയുടെ ചരിത്രം പഠിപ്പിക്കുന്ന പ്രൊഫസർ ക്ളോഡിയ ഗോൾഡിനാണ് സാമ്പത്തിക ശാസ്ത്ര നോബൽ കരസ്ഥമാക്കിയത്.**

## വൈദ്യശാസ്ത്രം

**മനുഷ്യരാശിയെ പിടിച്ച കുലുക്കിയ കോവിഡ് മഹാമാരി ക്കെതിരെ മെസഞ്ചർ ആർ എൻ എ വാക്സിൻ വികസിപ്പിച്ചെടുക്കുന്നതിൽ നിർണായക സംഭാവനകൾ നൽകിയ ഡോക്ടർ കാ റ്റലിൻ കാരിക്കോ ഡോക്ടർ ഡ്രൂ വൈസ് മൻ എന്നിവരാണ് വൈദ്യശാസ്ത്ര നോബൽ ജേതാക്കൾ**

## ഭൗതികശാസ്ത്രം

**ഇലക്ട്രോൺ ഡൈനാമിക്സ്മായി ബന്ധപ്പെട്ട ഗവേഷണങ്ങൾ, നടത്തിയ ഫെറൻസ് ക്രോസ്, പിയർ അഗസ്റ്റീനി,ആൻ ലൂലിയെർ എന്നിവരാണ് ഭൗതിക ശാസ്ത്ര നോബൽ കരസ്ഥമാക്കിയത്**

## രസതന്ത്രം

**കുഞ്ഞന്മാരായ നാനോ കണങ്ങളിലെ ഇത്തിരി കുഞ്ഞന്മാരെന്ന് വിശേഷിപ്പിക്കാവുന്ന ക്വാണ്ടം ഡോട്ടുകളുടെ കണ്ടെത്തലിനാണ് മൗഗി ബാവേൻഡി , ലൂയി ബ്രസ്സ്,അലക്സി എകിമോവ്  എന്നിവരെ രസതന്ത്ര നോബൽ പുരസ്കാരത്തിന് അർഹരാക്കിയത്.**

# ഒറ്റമൂലി



ജെയ്‌സമ്മ ജോസഫ്
മലയാളം അധ്യാപിക

പണ്ടു നാട്ടുവാണ മഹാബലി
വീണ്ടുമൊരിക്കൽ കൂടാകത
മായപ്പോൽ.....
ഭൂമിയെയൊട്ടാകെ ശാന്ത
സുന്ദരമാക്കുമീയോറ്റമൂലി.
അരിക്കൊമ്പനും
ചക്കകൊമ്പനും
മുറിവാലനും
ശ്വാനനുപോലും
ഗുണപ്രധമാകുമിത്.
പെങ്കിടങ്ങളെ
പിച്ചിച്ചീന്തുമീ
ഞരമ്പുരോഗിക്കു
മിതത്യുയുത്തമം.
വീടുകൾ,ബാങ്കുകൾ
ഭണ്ഡാരപെട്ടികളൊ
ക്കെ  തുറക്കുമീ
കള്ളക്കൂട്ടർക്കും
സ്ത്രീധന മോഹത്താ
നാരികളെ അശ്രുബിന്ദു
വിലാഴ്ത്തും

പുരുഷകോമരങ്ങൾക്കു
മിതൗഷധം
അധികാരം മനംമയക്കും
രാഷ്ട്രീയക്കാർക്കും
ലഹരിയിലമർന്നവർക്കു
മിതുതന്നെയുത്തമാമൃത്.
അന്യതകാട്ടുന്ന
മതഭ്രാന്തർക്കും
ഭ്രാന്താക്കളെ സ്വത്തിനായി
ഹനിക്കുമീ  മനുഷ്യ
കോലങ്ങൾക്കുമിതു
പുണ്യതീർത്ഥം
എനിക്കു വേണമിതിലിൽപ്പം
വേണ്ടതുതന്നെ നിങ്ങൾക്കുമിത്
ജീവൻതുടിക്കുമീ
യോരോയണുവില
മിതുതന്നെ വേണമീ
യോറ്റമൂലിതൻ പേരെ
ന്തന്നല്ലേ.......'ആശയടക്കം'.



# സ്കൂളിലെ അടുക്കളത്തോട്ടം

അൽഫോൻസ ബേബിച്ചൻ 8 C

നവീന ശിലായുഗം മുതൽ മനുഷ്യർ കൃഷി ചെയ്തിരുന്നു. ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ പ്രധാന മേഖലകളിൽ ഒന്നാണ് കൃഷി. ആയിരക്കണക്കിന് വർഷങ്ങളായി ഇത് രാജ്യത്ത് നിലനിൽക്കുന്നു. പുതിയ സാങ്കേതികവിദ്യയുടെയും ഉപകരണങ്ങളുടെയും ഉപയോഗം മിക്കവാറും എല്ലാ പരമ്പരാഗത കൃഷി രീതികളെയും മാറ്റി സ്ഥാപിച്ചു. കൂടാതെ ഇന്ത്യയിൽ ഇപ്പോഴും ചില ചെറുകിട കർഷകർ പഴയ പരമ്പരാഗത കാർഷിക രീതികൾ ഉപയോഗിക്കുന്നു.പരമ്പരാഗതമായി കേരളീയർ കൃഷിയെ ആശ്രയിച്ചാണ് കഴിയുന്നത്. പ്രാചീനകാലം മുതൽക്കേ വിവിധയിനം കൃഷികൾ കേരളത്തിൽ  നിലനിന്നിരുന്നു. എന്നാൽ ഇന്ന് വിവിധയിനം ഭക്ഷ്യവസ്തുക്കൾക്കായി നാം അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിയാണ് ഉള്ളത്. പലപ്പോഴും വിഷം അടിച്ച പച്ചക്കറികളുടെ ഉപയോഗമൂലം നാം പലതരത്തിലുള്ള അസുഖമുള്ളവർ ആയിത്തീരുന്നു. ഇത്തരുണത്തിൽ വിഷരഹിതമായ പച്ചക്കറി സ്കൂളിൽ തന്നെ ഉത്പാദിപ്പിച്ച് എടുത്ത് സ്കൂളിലെ ഉച്ചഭക്ഷണത്തിനായി ഉപയോഗിക്കുക എന്ന ലക്ഷ്യത്തോടെ 2024 ഒക്ടോബർ രണ്ടാം തീയതി സ്കൂളിൽ കുട്ടികളുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ ഒരു പച്ചക്കറി തോട്ടം ആരംഭിച്ചു. നേരത്തെ ഒരുക്കിയിരുന്ന നിലത്ത്  അന്നേദിവസം കുട്ടികൾ പാവൽ, പയർ, വെണ്ട ,ചീര എന്നിവയുടെ വിത്തുകൾ പാകി. തുടർന്ന് അവയുടെ പരിപാലനവും കുട്ടികൾ തന്നെ ഏറ്റെടുത്തു. ഇടയ്ക്ക് പുല്ലുപറിക്കുക, ആവശ്യത്തിന് വെള്ളം ഒഴിക്കുക, ഇവയായിരുന്നു കുട്ടികളായ ഞങ്ങളുടെ ചുമതലകൾ. ആധുനിക ശാസ്ത്രീയ രീതി അനുസരിച്ച് ആണ് ഇവിടെ കൃഷി ചെയ്തത്. പ്രിസിഷൻ ഫാമിംഗ് ,ഗ്രോബാഗ് കൾട്ടിവേഷൻ എന്നീ രീതികളും, വെള്ളമൊഴിക്കുന്നതിനായി ഡ്രിപ്പിറിഗേഷനുമാണ് ഇവിടെ അവലംബിച്ചിരിക്കുന്നത്. മദർ തെരേസ ഹൈസ്കൂളിന് പഠനത്തിൽ 100% വിജയം കരസ്ഥമാക്കാൻ മാത്രമല്ല കൃഷി രംഗത്തും 100 മേനി കൊയ്യാൻ സാധിക്കും എന്ന് തെളിയിച്ചിരിക്കുകയാണ് സ്കൂളിലെ കുട്ടിക്കർഷകർ.



# സാധ്യതകൾ




കാശിനാഥൻ 8D

അദ്ധ്യാപിക രാവിലെ ക്ലാസിലേക്ക് കടന്നു വന്നത് ഒരു ചുള്ളിക്കമ്പും പിടിച്ചു കൊണ്ടായിരുന്നു. കുട്ടികൾക്കെല്ലാം ആകാംക്ഷയായി. ആ ചുള്ളിക്കമ്പ് ഉയർത്തി പിടിച്ചു കൊണ്ട് അദ്ധ്യാപിക കുട്ടികളോട് ചോദിച്ചു. കുട്ടികളെ , ഈ ചുള്ളിക്കമ്പ് കൊണ്ടുള്ള ഉപയോഗങ്ങൾ കണ്ടെത്തി പറയാമോ ?.

ഈ ചുള്ളിക്കമ്പ് എടുത്ത് പാചകം ചെയ്യാം, വേലി കെട്ടാൻ ഉപയോഗിക്കാം . ഒരു കിളിക്ക് ഇത് എടുത്ത് കൂട്ടുണ്ടാക്കാം.കുട്ടിയും കോലും കളിക്കാൻ ഉപയോഗിക്കാം. ഒരു പട്ടി കടിക്കാൻ വന്നാൽഅതിനെ എറിയാൻ ഉപയോഗിക്കാം .അങ്ങനെ നീളുകയാണ് ചുള്ളിക്കമ്പിന്റെ സാധ്യതകൾ .....

അപ്പോൾ അദ്ധ്യാപിക കുട്ടികളോട് പറഞ്ഞു. ഒരു നിസ്സാര ചുള്ളിക്കമ്പിന് ഇത്രമാത്രം സാധ്യതകൾ ഉണ്ടെങ്കിൽ ഈശ്വരന്എത്ര മനോഹരമായ പദ്ധതികൾ ഉണ്ടായിരിക്കാം. അത്രമാത്രം സാധ്യതകൾ നമ്മിൽ എല്ലാവരിലും ഉണ്ട്.

# പുറം രാജ്യത്തേക്ക് പറക്കുന്ന മലയാളി യുവജനം



ദേവി നന്ദന പി എസ് 9C

സ്വന്തം ജന്മനാടായ മലയാള മണ്ണിനെ വെറുക്കുന്ന യുവജനമാണ് ഇന്നത്തെ തലമുറയിൽ ഉള്ളത് കേരളത്തിലെ ഭൂരിഭാഗം യുവജനങ്ങളും സമ്പത്തിനും പഠനത്തിനും മറ്റുമായി പുറം രാജ്യത്തെ ഇന്ന് ആശ്രയിക്കുന്ന സ്വന്തം കുടുംബത്തെയും ജന്മനാടിനെയും മറന്നു സമ്പാദിക്കുന്ന പണത്തിന് എന്ത് വിലയാണ് ഉള്ളത് എന്തുകൊണ്ട് അവർ ഇതിനെയെല്ലാം പറ്റി ചിന്തിക്കുന്നില്ല ?

ഇതിനെല്ലാം കാരണം ഒരിക്കലും തീരാത്ത എല്ലാത്തിനോടുമുള്ള മനുഷ്യന്റെ അത്യാഗ്രഹമാണ് സമ്പാദിച്ചു കൂട്ടണം മറ്റുള്ളവരെക്കാൾ വലിയവൻ ആകണം എന്ന ചിന്ത മാത്രമാണ് ഈ തലമുറയ്ക്ക് ഉള്ളത് പുറം രാജ്യത്തേക്ക് പണം സമ്പാദിക്കാനും പഠനകാര്യങ്ങൾക്കുമായി പോകുന്നവർക്കും അവരുടെ കുടുംബത്തിനും മാത്രമല്ല നമ്മുടെ മലയാള നാടിനെയും ആ നഷ്ടം ബാധിക്കുന്നു.നമ്മുടെ സംസ്കാരത്തെ നിഷേധിച്ച പരിഷ്കാരം തേടി വിദേശരാജ്യങ്ങളിൽ പോയി തിരികെ വരാൻഅവിടെത്തന്നെതുടരണമെന്നും ആഗ്രഹിക്കുന്നവർ ഏറെയാണ്. ഇക്കാരണത്താലും ഒക്കെയാണ് വിദേശരാജ്യങ്ങളിൽ സാമ്പത്തിക വ്യവസ്ഥ ഉയരുന്നതും നമ്മുടെ സമ്പത്ത് വ്യവസ്ഥ താഴുന്നതും. എന്തൊക്കെയായിരുന്നാലും ജനിച്ച മണ്ണിനെ മറക്കുന്നത് യുക്തിക്ക് ചേർന്നതല്ല പെറ്റമ്മയെ പോലെയാണ് ഓരോ വ്യക്തിക്കും ജന്മനാട് എന്ന് പറയുന്നത് അമ്മയോടുള്ള വാത്സല്യവും സ്നേഹവും എല്ലാം എങ്ങനെയാണോ അതുപോലെ തന്നെയാണ് സ്വന്തം നാടിനോടും വേണ്ടത്. നമ്മുടെ നാടിനെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ് മറ്റാർക്കും വേണ്ടിയല്ല നമ്മുടെ വരും തലമുറയ്ക്ക് വേണ്ടിയാണ് അമ്മയായ ജന്മനാടിനെ ഉയർത്തിക്കൊണ്ട് വരേണ്ടത് ആ മണ്ണിൽ ജനിച്ച മക്കളായ നമ്മുടെ ആവശ്യകതയാണ്.

ഒരുവശത്ത് പരിഷ്കാരം തേടിപ്പോകുന്ന മലയാളി യുവജനം മറുവശത്ത് സംസ്കാരം തേടിയെത്തുന്ന വിദേശികൾ ഉള്ളതിന്റെ വില മനസ്സിലാക്കണമെങ്കിൽ അത് നഷ്ടമാകണം നമ്മുടെ ഈ നാട്ടിലുള്ളത്ര സുഖം ഒന്നു വേറെ ഒരു നാട്ടിലും കിട്ടുകയില്ല. ഇന്ന് നമ്മുടെ കേരളത്തിന്റെ അവസ്ഥ മാറി തുടങ്ങിയിരിക്കുന്നു കാരണം മനുഷ്യൻ തന്നെയാണ് പരിഷ്കാരം കൊണ്ടുവരാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത് ഇന്നത്തെ സമൂഹത്തിലുള്ളവർ വലിയ വലിയ ഫ്ലാറ്റുകളും മറ്റും കൊണ്ട് നിറയുകയാണ് നമ്മുടെ കേരള നാടിന് ഈ മനോഹരമായ പ്രകൃതിയെ നശിപ്പിച്ചുകൊണ്ടാണ് ഇന്ന് വികസനം മുന്നോട്ടുപോകുന്നത് നാലുവരി പാത ആറുവരി ആക്കുന്നതിനായി വഴിയരികിലുള്ള മരങ്ങളെല്ലാം വെട്ടി നശിപ്പിക്കുന്ന മനുഷ്യർ മാത്രം ബാക്കിയാവുന്ന ഒരു സമൂഹത്തെയാണോ വികസനം വികസനം എന്ന് പറയുന്നത്? ഏറെക്കാലം കഴിഞ്ഞാൽ ഈ കാണുന്ന കേരളമേ ആയിരിക്കില്ല നിലനിൽക്കുന്നത് നാം നമ്മുടെ ജന്മനാടിനെ സംരക്ഷിക്കണം നമുക്കുവേണ്ടി മാത്രമല്ല മറ്റുള്ളവർക്ക് വേണ്ടി കൂടി ഏതോ എഴുത്തുകളിൽ പറഞ്ഞതുപോലെ "മമ്മിയെ സ്നേഹിക്കുമ്പോൾ അമ്മയെ മറക്കരുതെന്ന് മാത്രം".

# പ്ലാസ്റ്റിക് ഇ - മാലിന്യങ്ങൾ

നാം ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ വിപത്തുകളിൽ ഒന്നാണ് മലിനീകരണം. മനുഷ്യന്റെ വലിച്ചെറിയൽ സംസ്കാരം ഇന്ന് ലോകത്താകെ വ്യാപിച്ചു കഴിഞ്ഞു. മാനവരാശിക്ക് അവ സമ്മാനിക്കുന്നത് ഗുണത്തേക്കാളേറെ ദോഷങ്ങളാണ് മരണമില്ലാത്ത എന്നാൽ മരണത്തിന് കാരണമാകുന്ന ഭീകരനായി പ്ലാസ്റ്റിക് മാറിക്കഴിഞ്ഞു.

പ്ലാസ്റ്റിക്കിനെ പിന്തുടർന്ന് തോൽപ്പിക്കുക. ഒരു വർഷത്തിൽ 400 മില്യൻ ടൺ എന്നാണ് കണക്ക്. അതിൽ കൂടുതലും ഉപയോഗശേഷം വലിച്ചെറിയുന്നവ. അവ ജലാശയങ്ങൾ ,വായു ,മണ്ണ് എന്നിവയെല്ലാം മലിനമാക്കുന്നു. ഇവ ജീവികളുടെ വംശനാശത്തിന് ആവാസവ്യവസ്ഥയെയും തകിടം മറിക്കുന്നു. മാനവരാശിയുടെ നിലനിൽപ്പിന് തന്നെ വെല്ലുവിളിയായി മാറിയിരിക്കുകയാണ് പ്ലാസ്റ്റിക് എന്ന ഭീകരൻ. മനുഷ്യരാശിയെ അതിൽ നിന്നും സംരക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്വം നാം ഓരോരുത്തർക്കും ഉണ്ട് .പ്ലാസ്റ്റിക്കിന് പകരം സ്റ്റീൽ, പേപ്പർ തുടങ്ങിയവ കഴിവതും കൂടുതലായും ഉപയോഗിക്കുവാൻ ശ്രദ്ധിക്കണം.

ഇന്ത്യയിൽ പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിന് നിലവിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഉല്പാദിപ്പിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ റീസൈക്ലിംഗ് മേഖലയിലേക്ക് തന്നെ തിരികെ എത്തിക്കുക .പ്ലാസ്റ്റിക്കിനെ പോലെ തന്നെ ലോകം അഭിമുഖീകരിക്കുന്ന മറ്റൊരു സാമൂഹിക പാരിസ്ഥിതിക പ്രശ്നമാണ് ഇ-മാലിന്യങ്ങൾ. പ്ലാസ്റ്റിക്കിനെ പോലെ അല്ലെങ്കിൽ അതിനേക്കാൾ ഏറെ ഭൂമിക്ക് ആഘാതം സൃഷ്ടിക്കുന്നവയാണ് ഇ- മാലിന്യങ്ങൾ. ഇ മാലിന്യങ്ങൾ തള്ളാൻ എടുക്കുന്ന വിസ്തൃതി നമ്മുടെ ഉപയോഗപ്രദമായ സ്ഥലത്തെ കീഴടക്കുകയും ചെയ്യുന്നു. മണ്ണിനെയും മനുഷ്യരെയും സംരക്ഷിക്കേണ്ടത് ഏവരുടെയും ദൗത്യമാണ്. ഉപയോഗശൂന്യമായ ഇലക്ട്രോണിക് ഉപകരണങ്ങൾ ശേഖരിച്ച് അവ പുനരുപയോഗിക്കാനുള്ള പദ്ധതികൾക്ക് തുടക്കം കുറിക്കേണ്ടതുണ്ട് .ഉപയോഗശേഷം അവ എങ്ങനെ നിർമ്മാർജ്ജനം ചെയ്യാം എന്ന വിഷയം ഉപഭോക്താക്കളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ് .ഇലക്ട്രോണിക് ഉപകരണങ്ങൾ പുനരുപയോഗിക്കുക എന്നതാണ് ഇ- മാലിന്യം കുറയ്ക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗം.

കല്യാണി 8A



# കരാത്തെ



അനാമിക കെ രാജേഷ് 8D

ഒരു ജാപ്പനീസ് ആയോധനകലയാണ് കരാത്തെ.വെറുംകൈ എന്നാണ് കരാത്തയുടെ ശരിയായ അർത്ഥം. ശരീരം തന്നെ ആയുധമാക്കുന്നത് കൊണ്ടാണ് ഈ ആയോധനകല ഈ പേരിൽ അറിയപ്പെടുന്നത്.സ്വയം പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനൊപ്പം അച്ചടക്കത്തിന്റെയും പരസ്പര ബഹുമാനത്തിന്റെയും പാഠങ്ങൾ കൂടിയാണ് കരാത്തെ.

കരാത്തെ പരിശീലിക്കുന്ന സ്ഥലം ഡോജോ എന്നറിയപ്പെടുന്നു. കരാത്തെ പരിശീലിക്കുന്നത് gi എന്ന വസ്ത്രത്തോടൊപ്പം ഗ്രേഡ് വ്യത്യസ്തമാക്കുന്ന ബെൽറ്റും ധരിച്ചു കൊണ്ടാണ് അധ്യാപകനെ ബെൻസായി എന്നാണ് വിളിക്കുന്നത് വെള്ളമുതൽ കറുപ്പ് ബ്ലാക്ക് ബെൽറ്റ് വരെയുള്ള ഗ്രേഡുകൾ ആണ് കരാട്ടയിൽ ഉള്ളത്.

ആയോധന തന്ത്രത്തിൽ നിപുണനായ ഒരു അധ്യാപകന്റെ കരാട്ടെ പാഠങ്ങൾ അദ്ദേഹം ആർജിച്ചിരിക്കുന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ പ്രകടിപ്പിക്കുന്ന രീതിയെ ആണ് കരാത്തെയിൽ സ്റ്റൈൽ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഷോട്ടോകാൻ ആണ് അതിൽ പ്രധാനം. ഓരോ സ്റ്റൈലുകളിൽ അവർ പിന്തുടരുന്ന തത്വങ്ങൾക്കും ആ സ്റ്റൈലിന്റെ ഉപജ്ഞാതാവിന്റെ ശാരീരിക ഭാഷയ്ക്കും അനുസരിച്ചുള്ള കത്തകൾ ഉണ്ട്. കരാട്ടെ ചെയ്യുന്നതിനാവശ്യമായ ശാരീരിക രൂപവും ആയോധന ബുദ്ധിയും അടി തടയുടെ വ്യാകരണവും ആർജിക്കുന്നതിന് കരാട്ടയിൽ ഒരുകൂട്ടം അടിതടച്ചുവടുകളെയാണ് കത്ത എന്ന് പറയുന്നത്.



ഞാൻ പ്രധാനമായും ഹിയാൻ ഗോഡൻ കഥയാണ് ഇപ്പോൾ ചെയ്യുന്നത്. ഞാനിപ്പോൾ ബ്രൗൺ നാലാമത്തെ ബെൽറ്റ് വരെയായി. ചേർത്തല റവന്യൂ

കരാട്ടെ മത്സരങ്ങളിലും അസോസിയേഷൻ മത്സരങ്ങളിലും എനിക്ക് സമ്മാനം ലഭിച്ചിട്ടുണ്ട്.

എല്ലാ ആയോധനകലകളുടെയും അടിസ്ഥാനം അച്ചടക്കമാണ് അതിനാൽ ശരിയായ രീതിയിൽ ആയോധനകലകൾ അഭ്യസിച്ച ഒരു കുട്ടിക്ക് ജീവിതത്തിൽ മികച്ച അച്ചടക്കവും ആരോഗ്യവും ഉണ്ടാകും.



ഇത് പിന്നിലുള്ള ജീവിതത്തിൽ വിജയം കൈവരിക്കുന്നതിനുള്ള കാരണമാവുകയും ചെയ്യും.

സ്വയം തീരുമാനമെടുക്കുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുന്ന ഒന്നാണ് കരാട്ടെ പരിശീലനം. കാരണം പെട്ടെന്ന് അനുയോജ്യമായ തീരുമാനങ്ങൾ എടുക്കാതെ പോകുന്ന പക്ഷം എതിരാളികൾ എളുപ്പത്തിൽ നമ്മെ പരാജയപ്പെടുത്തും പരാജയത്തിൽ നിന്നും രക്ഷപ്പെടേണ്ടത് സ്വന്തം ചുമതലയാണ് ഇത് ശരിയായ തീരുമാനം ശരിയായ സമയത്ത് എടുക്കുന്നതിന് സഹായിക്കും.

ഇന്നത്തെ കാലഘട്ടത്തിൽ പെൺകുട്ടികൾ പ്രത്യേകിച്ചും കരാത്തെ പഠിക്കുന്നത് നല്ലതാണ്. സ്വയംരക്ഷയ്ക്ക് ഇത് വളരെയധികം പ്രയോജനപ്പെടും. തരാത്തെ ഇന്നൊരു കായിക ഇനം കൂടിയാണ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച് ചാമ്പ്യൻഷിപ്പുകളിൽ വിജയിക്കുന്നത് വഴി ഉന്നത വിദ്യാഭ്യാസത്തിലേക്കുള്ള ഗ്രേസ്മാർക്കും സ്പോർട്സ് കോട്ട വഴി അഡ്മിഷനും ലഭിക്കുന്നു. അച്ചടക്കവും ആരോഗ്യവും നേതൃത്വപാടവും ഒക്കെ കുട്ടികളിൽ വളർത്താൻ കരാത്തെ അഭ്യസിക്കുന്നത് നല്ലതാണ്.



# നാട് വൃത്തിയാക്കൽ

പർവതനിരകളും,കായലുകളും അരുവികളും ഉൾപ്പെടുന്ന ജലപ്രവാഹങ്ങളാലും അനുഗ്രഹീതമായ നാട്. ഹരിത വർണ്ണ ശോഭയാൽ പകുതിയിലേറെ ഭൂപ്രകൃതി കയ്യടക്കിയ ഭൂപ്രദേശങ്ങൾ കൊണ്ട് വിനോദസഞ്ചാരികളുടെ മനസ്സിൽ അദ്വതീയമായ സ്ഥാനം വഹിക്കുന്ന സഞ്ചാരികളുടെ പറുദീസ! ദൈവത്തിന്റെ സ്വന്തം നാട് ,കേരളം. പ്രകൃതി ഭംഗി കവിഞ്ഞൊഴുകിയിരുന്നതോടൊപ്പം കേരളത്തിന് തനതായ ഒരു ശുചിത്വ ചാരുത നിറഞ്ഞുനിന്നിരുന്നു. തന്റെ നാട് വൃത്തിയുള്ളതാക്കി സ്വർഗ്ഗതുല്യമാക്കാൻ ഓരോ ജനഹൃദയവും ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നു, പ്രയത്നിച്ചിരുന്നു. കൃഷിയിടങ്ങൾ ഒട്ടേറെ നിലനിന്നിരുന്ന കേരളത്തിൽ അന്ന് മാലിന്യം ഒരു പ്രശ്നമായിരുന്നില്ല. ഇത് നൂറ്റാണ്ടുകൾ പഴക്കമുള്ള നമ്മുടെ കേരളത്തിന്റെ ചരിത്രം. സ്വച്ഛവും വൃത്തിയുള്ളതുമായ നാട് എന്ന ചിന്ത തന്റെ മനസ്സിൽ കൊണ്ടുനടന്നിരുന്ന നമ്മുടെ പൂർവികരുടെ സമൂഹത്തിന്റെ കഥ! കാലം മുന്നോട്ടുപോകവേ പലപല പുരോഗമനങ്ങൾ ഉണ്ടായതിലൂടെ ഇക്കഥ ഒരു പഴങ്കഥയായി മാറി എന്നതാണ് വാസ്തവം.


കാലം പുരോഗമിക്കുംതോറും കേരളത്തിന്റെ മുഖച്ഛായക്ക് തന്നെ മാറ്റം സംഭവിച്ചു. പുരോഗതികൾ നമ്മുടെ നാട്ടിൽ സംഭവിച്ചപ്പോൾ നാടിന്റെ ഉയർച്ചയ്ക്കൊപ്പം തന്നെ നാട്ടിലെ മാനവഹൃദയങ്ങൾക്ക് വലിപ്പം കുറഞ്ഞു. നാടിന്റെ നന്മയ്ക്കായി പ്രവർത്തിച്ചവർ നാടിന്റെ നാശത്തിന് കാരണമായി. ഹരിത ചാരുത തിളങ്ങിയ കേരളം ഇന്ന് മാലിന്യം സംഭരിക്കുന്ന ഒരു ഉറവിടമായി മാറിയിരിക്കുന്നു.

ജലസ്രോതസ്സുകളുടെ മലിനമാക്കലും, കാർഷിക മേഖലയുടെ ചുരുങ്ങൽ, കൃഷിയിടങ്ങൾ നികത്തുന്നതുമൂലം ഉണ്ടാകുന്ന പ്രയാസങ്ങൾ, വായു മലിനീകരണം, തുടങ്ങിയവയാണ് ഇന്ന് കേരളം നേരിടുന്ന പാരിസ്ഥിതി പ്രശ്നങ്ങളിൽ പ്രധാനപ്പെട്ടവ.

ജനപങ്കാളിത്തത്തോടെയുള്ള പരിസ്ഥിതി സൗഹൃദപരവും സുസ്ഥിരവുമായ ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ മാലിന്യമുക്തമാക്കാൻ ആണ് ഇനി നാം പ്രയത്നിക്കേണ്ടത്. ഇന്ന് കേരള സമൂഹം അവലംബിക്കുന്ന മാലിന്യ സംസ്കരണ രീതി പരിസ്ഥിതി സൗഹൃദപരമാണെന്ന് നാം ഉറപ്പുവരുത്തണം. നാടിന്റെ പച്ചപ്പും മണ്ണിന്റെ നന്മയും ജലത്തിന്റെയും വായുവിന്റെയും ശുദ്ധിയും വീണ്ടെടുക്കാൻ ഒരു ജനകീയ യജ്ഞമാണ് വേണ്ടത്.

അപൂർവ്വ അനിൽകുമാർ 8A

# വരകൾ-വർണ്ണങ്ങൾ





ആ

# ആഘോഷനിമിഷങ്ങൾ





